**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2318** — **06-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉല്പന്നങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യോല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ പുതിയ മദ്യനയം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമാകുമോ; വിശദമാക്കാമോ; | (എ) | സർക്കാരിന്റെ മദ്യനയം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമാകും എന്നാണ് കാണുന്നത്. സംസ്ഥാനത്ത് പുതിയ മദ്യ നിർമ്മാണ യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ 2022-23വർഷത്തെ മദ്യനയം വിഭാവനം ചെയ്യുന്നുണ്ട്. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനും, സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് ഉതകുന്നതുമായ മദ്യനയമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതുവഴി ഈ മേഖലകളിലെല്ലാം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. കാർഷിക മേഖലയിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കർഷകർക്ക് പ്രയോജനം ലഭിക്കുന്നവിധം കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം തുടങ്ങിയ കാർഷിക ഉല്പന്നങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാന കാർഷിക സർവകലാശാല കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം തുടങ്ങിയ കാർഷിക ഉല്പന്നങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യമായ വൈൻ ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. അതിനെ ആസ്പദമാക്കി മദ്യം ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പുതിയ മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | മേൽ പരാമർശിച്ച രീതിയിലുള്ള മദ്യ ഉല്പാദനത്തിന് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ധാന്യങ്ങൾ ഒഴികെയുള്ള മറ്റ് കാർഷിക ഉത്പന്നങ്ങളിൽ നിന്ന് വീര്യം കുറഞ്ഞ മദ്യം ഉണ്ടാക്കുന്നതിന് ചെറുകിട യൂണിറ്റുകൾക്ക് അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടം രൂപീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |
| (ഡി) | മദ്യ ഉല്പാദനവുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾ ബിവറേജസ് കോർപ്പറേഷൻ | (ഡി) | സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മദ്യ ഉല്പാദനവുമായി ബന്ധപ്പെട്ട അനുബന്ധ |

| | | | |
|---|---|---|---|
| | മുഖേന ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | വ്യവസായങ്ങളായ കാർട്ടൻ, ക്യാരിബാഗ് മുതലായവയുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്ന കാര്യം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ